# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3361** — **21-12-2012 ൽ മറുപടിയ്ക്ക്**

## നെല്ല്, പച്ചക്കറി ഉല്പാദന രംഗത്ത് സ്വയം പര്യാപ്തത

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.സി.എഫ്. തോമസ്<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ലും പച്ചക്കറികളും കേരളത്തിന്റെ എത്ര ദിവസത്തെ ഉപഭോഗത്തിന് പര്യാപ്തമാണെന്ന് വ്യക്തമാക്കുമോ; | (എ) | ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിറ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 2010-2011 വർഷത്തെ സംസ്ഥാനത്തെ അരിയുടെ ഉല്പാദനം 522738 ടൺ ആണ്. കേരളത്തിനു വേണ്ട അരിയുടെ ഉപഭോഗത്തിന്റെ 20% മാത്രമാണ് നമുക്ക് ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്. കേരളത്തിലെ ജനസംഖ്യയും പച്ചക്കറികളുടെ ഉപഭോഗവും കണക്കിലെടുത്താൽ നടപ്പുവർഷം 37.72 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ആഭ്യന്തര പച്ചക്കറി ഉല്പാദനം 8.25 ലക്ഷം ടൺ മാത്രമാണ്. മൊത്തം ആവശ്യകതയുടെ 22-25% മാത്രമാണ് ഇവിടെ ഉല്പാദിപ്പി ക്കുവാൻ കഴിയുന്നത്. |
| (ബി) | നെല്ലും പച്ചക്കറികളും ഉല്പാദിപ്പിക്കുന്നതിന് സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ലിന്റെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്ത് 9356 ലക്ഷം രൂപയുടെ വിവിധ നെൽകൃഷി വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഗ്രൂപ്പ് ഫാമിംഗ്, നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം, പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനം, പി.പി.പി.എസ്.ആർ.ഐ പദ്ധതി, ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി, കരനെൽകൃഷി, എം.എം.എ നെൽകൃഷി, ആർ.കെ.വി.വൈ ഉല്പാദനം വർദ്ധിപ്പിക്കൽ, ആർ.കെ.വി.വൈ തരിശുകൃഷി പ്രോത്സാഹനം, കുട്ടനാട് പാക്കേജ് തരിശുകൃഷി |

പ്രോത്സാഹനം, ഉല്പാദന ബോണസ് എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

2011-12 ൽ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 4250 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോജക്റ്റ് അടിസ്ഥാന ത്തിലുള്ള പച്ചക്കറി കൃഷി, മീഡിയ വഴിയുള്ള പച്ചക്കറി വിത്ത് വിതരണം തുടങ്ങിയവ – 300 ലക്ഷം
2. സ്കൂൾ കുട്ടികൾ വഴി വിത്ത് വിതരണം ചെയ്ത് വീട്ടു വളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം - 500 ലക്ഷം
3. അർബൻ ക്ലസ്റ്റർ പച്ചക്കറി കൃഷി പ്രോൽസാഹനം (കോർപ്പറേഷ നുകളിൽ മട്ടുപ്പാവ് കൃഷി)- 400 ലക്ഷം
4. ജില്ലാ ക്ലസ്റ്റർ പച്ചക്കറി കൃഷി പ്രോൽസാഹനം - 2700 ലക്ഷം
5. പരിശീലനം, ബോധവൽ ക്കരണം തുടങ്ങിയവ – 50 ലക്ഷം
6. ഹൈടെക് കൃഷി പ്രോൽസാഹനം - 250 ലക്ഷം
7. കാർഷിക സർവ്വകലാശാലയിലെ പദ്ധതികൾക്ക് ധനസഹായം (ARS ആനക്കയം, ARS മണ്ണുത്തി എന്നീ സ്ഥാപനങ്ങൾ ക്ക്) - 50 ലക്ഷം

ആകെ - 4250 ലക്ഷം രൂപ

2012-13 ലെ ആർ.കെ.വി.വൈ പദ്ധതി പ്രകാരം 1200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപ നിരക്കിൽ സഹായധനം നൽകി വരുന്നു. വയനാട് ജില്ലയിൽ പച്ചക്കറി കൃഷി വികസനത്തിനായി വയനാട് പാക്കേജ് പ്രകാരം 226.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നെല്ലിന്റെ ഉല്പാദനം വർദ്ധി പ്പിക്കുന്നതിന് പമ്പിംഗ് സബ്സിഡി വ്യാപകമായി നൽകുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹായ ത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഹെക്ടറിന് 1000 രൂപ നിരക്കിൽ പമ്പിംഗ് സബ്സിഡി റവന്യൂ വകുപ്പ് വഴി പുഞ്ച സ്പെഷ്യൽ ഓഫീസർമാർ മുഖേന സർക്കാർ നടപ്പിലാക്കി വരുന്നു.

| | | |
|---|---|---|
| (ഡി) | നെല്ലും പച്ചക്കറിയും വ്യാപകമായി ഉല്പാദിപ്പിക്കുന്നവർക്ക് കൂടുതൽ പ്രോത്സാഹനം നൽകുവാൻ നടപടികൾ ഉണ്ടാകുമോ? | നെൽക്കൃഷി വ്യാപകമായി ചെയ്യുന്നവർക്ക് ഗ്രൂപ്പ് ഫാമിംഗ് എം.എം.എ നെൽക്കൃഷി വികസനം, ഉല്പാദന ബോണസ് എന്നീ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യം നല്കുന്നുണ്ട്. പച്ചക്കറി കൃഷി വികസന പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന സ്കൂൾ വിദ്യാർത്ഥി, അധ്യാപകൻ, പ്രധാന അധ്യാപകൻ, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവർക്ക് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകി പ്രോത്സാഹനം നൽകുന്നു. കൂടാതെ നല്ല പ്രകടനം ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കാഴ്ച വെയ്ക്കുന്നവർക്ക് സംസ്ഥാനത്തിനകത്തും പുറത്തും പഠന യാത്ര സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ